"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-ജീവനക്കാര്യം-തദ്ദേശ സ്വയംഭരണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ മരണമടഞ്ഞ നാസർ എച്ച്. ന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ കുടിശ്ശിക എഴുതിത്തള്ളി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1694/2025/LSGD തീയതി,തിരുവനന്തപുരം, 08-07-2025

പരാമർശം:- 1. GO(P) No. 91/2017/Fin തീയതി 17.07.2017

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2024 ലെ LSGD/PD/1781/2024-DEG3 നം. കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ മുദാക്കൽ ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ആയിരിക്കെ 03.06.2021-ൽ മരണമടഞ്ഞ നാസർ എച്ച്. ന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ കുടിശ്ശിക തുകയായ 1,43,909/- രൂപ എഴുതിത്തള്ളുന്നതിന് ടിയാന്റെ ഭാര്യ ഷീജ എൻ., സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2 ) നാസർ എച്ച്.ന് ഭവന നിർമ്മാണ വായ്പ ഇനത്തിൽ അനുവദിച്ചിരുന്ന 4,00,000/- രൂപയിൽ ആകെ ബാധ്യതയായ 5,79,909/- രൂപയിൽ (മുതൽ 4,00,000/- രൂപ+പലിശ 1,46,667/-രൂപ+ പിഴ പലിശ 33,242/-രൂപ) 4,36,000/- രൂപ തിരിച്ചടവ് നടത്തിയിരുന്നു. അവശേഷിക്കുന്ന ബാദ്ധ്യതയായ 1,43,909/- രൂപ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ എഴുതിത്തള്ളുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ 03.06.2021 ൽ മരണമടഞ്ഞ നാസർ എച്ച് ന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ ആകെ കുടിശ്ശികയായ 1,43,909/- രൂപ (ഒരു ലക്ഷത്തി നാൽപത്തിമൂവായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ മാത്രം) യിൽ നിന്ന് പലിശയിനത്തിലെ ബാധ്യതയായ 1,10,667/- രൂപ (ഒരു ലക്ഷത്തി പതിനായിരത്തി അറുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകുന്നതിനും, ഭവന വായ്പയുടെ പിഴപ്പലിശ ഒഴിവാക്കി നൽകാനാവാത്തതിനാൽ ടി ഇനത്തിലെ ബാധ്യതയായ 33,242/- രൂപ (മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്റി നാൽപത്തിരണ്ട് രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ

സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ഷീജ എൻ., W/o നാസർ എച്ച്. (Late) , ജൂനിയർ സൂപ്രണ്ട്, മുദാക്കൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
ധനകാര്യ വകുപ്പ് (14.05.2025 ലെ 2982045 / HBA-1/341/2024-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/341/2024-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 09-07-2025 12:25:47**

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയം ഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്